## ഹദീസ്

നൗഷാദ് ചേനപ്പാടി

# കർമങ്ങൾ പാഴാകുന്നതെപ്പോൾ?

عَنْ ثَوْبَانَ عَنِ النَّبِيِّ صلى الله عليه وسلم أَنَّهُ قَالَ : ( لأَعْلَمَنَّ أَقْوَامًا مِنْ أُمَّتِي يَأْتُونَ يَوْمَ الْقِيَامَةِ بِحَسَنَاتٍ أَمْثَالِ جِبَالِ تِهَامَةَ بِيضًا فَيَجْعَلُهَا اللَّهُ عَزَّ وَجَلَّ هَبَاءً مَنْثُورًا ) قَالَ ثَوْبَانُ : يَا رَسُولَ اللَّهِ صِفْهُمْ لَنَا ، جَلِّهِمْ لَنَا أَنْ لاَ نَكُونَ مِنْهُمْ وَنَحْنُ لاَ نَعْلَمُ ، قَالَ : ( أَمَا إِنَّهُمْ إِخْوَانُكُمْ وَمِنْ جِلْدَتِكُمْ وَيَأْخُذُونَ مِنَ اللَّيْلِ كَمَا تَأْخُذُونَ وَلَكِنَّهُمْ أَقْوَامٌ إِذَا خَلَوْا بِمَحَارِمِ اللَّهِ انْتَهَكُوهَا ) .

رواه ابن ماجه ( 4245 ) ، وصححه الألباني في " صحيح ابن ماجه "

**സൗബാനി(റ)ൽനിന്ന് നിവേദനം: നബി(സ) പറഞ്ഞു: 'എന്റെ ഉമ്മത്തിൽപെട്ട ഒരു വിഭാഗം ജനങ്ങളെ തീർച്ചയായും എനിക്കറിയാം. വെളുത്ത തിഹാമഃ പർവതങ്ങളുടേതുപോലുള്ള സൽക്കർമങ്ങളുമായി അവർ അന്ത്യദിനത്തിൽ ഹാജരാകും. എന്നാലോ അല്ലാഹു അവയെ പറക്കുന്ന ധൂളികളാക്കി മാറ്റിക്കളയും, സൗബാൻ (റ) ചോദിച്ചു: 'അല്ലാഹുവിന്റെ റസൂലേ, അവർ ആരാണെന്നും അവരുടെ വിശേഷണം എന്താണെന്നും ഞങ്ങൾക്ക് വ്യക്തമാക്കിത്തന്നാലും. എങ്കിൽ അറിയാതെ ഞങ്ങൾ അവരിൽ പെട്ടുപോകാതിരിക്കാമല്ലോ.' 'അതേ, എന്നാൽ അവർ നിങ്ങളുടെ സഹോദരന്മാരും നിങ്ങളിൽപെട്ടവരും തന്നെയാണ്. രാത്രിയിൽ നിങ്ങൾ ഇബാദത്തെടുക്കുന്നതുപോലെ തന്നെ അവരും ഇബാദത്തെടുക്കുന്നുണ്ട്. എന്നാൽ തനിച്ച് അവസരം കിട്ടിയാൽ അല്ലാഹുവിന്റെ ഹറാമുകളെ അവർ പിച്ചിച്ചീന്തും. അഥവാ ഹറാമായ കാര്യങ്ങൾ അവർ പ്രവർത്തിക്കും' (ഇബ്നു മാജ 4245 നമ്പറായി ഉദ്ധരിച്ച ഹസനായ ഹദീസാണിത്. ശൈഖ് അൽബാനിയുടെ നിരൂപണപ്രകാരം സ്വഹീഹുമാണ്. ഇബ്നുമാജയല്ലാതെ മറ്റാരും ഇത് റിപ്പോർട്ട് ചെയ്തിട്ടില്ല).**

ഓരോ വിശ്വാസിയും അത്യന്തം ഗൗരവത്തോടെ കാണേണ്ട ഒരു ഹദീസാണിത്. അല്ലാഹുവല്ലാതെ മറ്റാരും ഇല്ലാത്തപ്പോൾ അവനെ ഭയപ്പെട്ടു ജീവിക്കുക എന്നതാണ് സത്യവിശ്വാസിയുടെ സവിശേഷ സ്വഭാവം. അവർക്ക് അല്ലാഹു മഹത്തായ പ്രതിഫലവും വാഗ്ദാനം ചെയ്യുന്നുണ്ട് (*യാസീൻ* 11, *ഖാഫ്* 33). ഒരാൾ യഥാർഥ വിശ്വാസിയാണെന്ന് തെളിയുന്നതും മുനാഫിഖല്ലായെന്ന് വ്യക്തമാവുന്നതും തനിച്ചാകുന്ന അവസരത്തിൽ അല്ലാഹുവെ സൂക്ഷിക്കുമ്പോഴാണ്; എന്തെല്ലാം പ്രലോഭനങ്ങളുണ്ടായാലും എത്രതന്നെ അവസരങ്ങൾ ഒത്തുവന്നാലും. അപ്പോൾ മാത്രമാണ് ഈമാനിന്റെ മാധുര്യം ആസ്വദിക്കാനാവുക.

ഇവിടെ പറഞ്ഞ വിഭാഗം രാത്രിയിൽ തഹജ്ജുദ് വരെ നമസ്കരിക്കുന്നവരും എല്ലാ വിശ്വാസികളെയും പോലെ ഇബാദത്തുകളിൽ കുറവു വരുത്താത്തവരും സൽക്കർമങ്ങൾ അനുഷ്ഠിച്ചു ജീവിക്കുന്നവരുമാണ്. വലിയ പർവതങ്ങളുടെയത്രയും വലിപ്പത്തിലുള്ള സൽക്കർമങ്ങളുമായിട്ടാണ് അവർ അന്ത്യദിനത്തിൽ അല്ലാഹുവിങ്കൽ ഹാജരാവുക. അവരുടെ ഈ സൽക്കർമങ്ങളെ മുഴുവനും അല്ലാഹു ധൂളികളാക്കിക്കളയാനുള്ള ഒരേയൊരു കാരണമാണ് ഹദീസിൽ പറഞ്ഞത്. അല്ലാഹു ഹറാമാക്കിയ കാര്യങ്ങളുമായി തനിച്ചാകുമ്പോൾ അത് ചെയ്യുക. ചെയ്യുക എന്ന അർഥം വരുന്ന പദമല്ല ഹദീസിലുള്ളത്. *ഇൻതഹക* എന്നാണ്. നമ്മുടെ ശൈലിയിൽ പിച്ചിച്ചീന്തുക എന്ന്. അത്രമാത്രം ഗൗരവമേറിയതാണ് കാര്യം. മുത്തഖികളും ദീനിന്റെ ആളുകളും എന്നറിയപ്പെടുന്നവർ പോലും ആ വിഭാഗത്തിൽനിന്നൊഴിവല്ല എന്നതാണ് യാഥാർഥ്യം. രഹസ്യമായി മനുഷ്യൻ ചെയ്യുന്ന രണ്ടു പ്രധാന തിന്മകൾ വ്യഭിചാരവും മദ്യപാനവുമാണ്. അല്ലാഹുവിലും പരലോകത്തിലുമുള്ള ദൃഢബോധ്യത്തിന്റെ അടിസ്ഥാനത്തിലുള്ള വിശ്വാസത്താൽ ഹൃദയത്തെ സംസ്കരിച്ചവർക്കല്ലാതെ ഈ തിന്മകളിൽനിന്ന് വിട്ടുനിൽക്കാനാവില്ല. യൂസുഫ് നബി(അ)യെപ്പോലെ. അങ്ങനെ ഒരവസരം തനിക്ക് ഒത്തു കിട്ടിയാൽ താനെന്ത് ചെയ്യും എന്ന് ഓരോ മുഅ്മിനും ആത്മപരിശോധന നടത്തട്ടെ.

പുതുരൂപത്തിലുള്ള മൊബൈലുകളുടെയും ലാപ്ടോപ്പുകളുടെയും കാലമാണിത്. ഏതുസമയവും നഗ്നത കണ്ടുകൊണ്ടിരിക്കാനുള്ള അവസരം മനുഷ്യനത് ഒരുക്കിക്കൊടുത്തിരിക്കുന്നു. കൗമാരക്കാരും യുവാക്കളും മാത്രമല്ല മധ്യവയസ്കർ പോലും അതിനടിമകളാകുന്നു. അത് കണ്ടിരിക്കുമ്പോഴാണ് മരണം പിടികൂടുന്നതെങ്കിൽ അവൻ എങ്ങോട്ടായിരിക്കും പോവുക എന്ന് ആലോചിക്കുക. ഈ ഹറാം കണ്ടിട്ട് അതിനാൽ ഉത്തേജിതനായി ശാരീരിക ബന്ധത്തിൽ ഏർപ്പെട്ട് ഒരു കുട്ടി ജനിച്ചാൽ ആ സന്താനം ദുഷിച്ചുപോകാനാകും കൂടുതൽ സാധ്യത. ഇവിടെയാണീ ഹദീസിന്റെ പ്രസക്തി. ആരുമില്ലാത്ത സമയം ഈ ഹറാം കണ്ടാസ്വദിക്കുന്നവർ അല്ലാഹുവിന്റെ വിധിവിലക്കുകളെ ലംഘിക്കുകയാണെന്നും അവയെ പിച്ചിച്ചീന്തുകയാണെന്നും ഓർത്തുകൊള്ളട്ടെ. പരലോകത്തേക്ക് വേണ്ടി താൻ ചെയ്തിട്ടുള്ള എല്ലാ സൽക്കർമങ്ങളെയും സ്വയം പഴാക്കുകയാണെന്നും. ●